# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2010** **22/01/2014-ൽ മറുപടിയ്ക്ക്**

**മാതൃകാ മത്സ്യഗ്രാമ പദ്ധതി – രണ്ടാം ഘട്ടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. വിഷ്ണുനാഥ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) മാതൃകാ മത്സ്യഗ്രാമ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളെ സമഗ്ര വികസനത്തിലൂടെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുന്നത്. ഇതിനായി 160 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ഘടകത്തിന് കൂടുതൽ പ്രാമുഖ്യം നൽകികൊണ്ട് ആകെ 135 കോടി രൂപ വീടുകളുടെയും ഫിഷർമെൻ കോളനികളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി നീക്കി വച്ചിരിക്കുന്നു. കൂടാതെ സാനിട്ടേഷൻ, കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളുടെ വികസനത്തിനായി 25 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. |
| (ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) മത്സ്യഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ ഭവന നിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം, മത്സ്യഗ്രാമ മേഖല അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം, എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 160 കോടി രൂപ ചെലവഴിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | എത്ര കോടി രൂപയാണ് ഇതു വഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | 4973 വീടുകളുടെ നിർമ്മാണത്തിന് 110 കോടി രൂപയും, ഫിഷർമെൻ കോളനികളുടെ പുനരുദ്ധാരണത്തിന് 5 കോടി രൂപയും, 5450 വ്യക്തിഗത ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് 10.90 കോടി രൂപയും, ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണത്തിന് 25 കോടി രൂപയും, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണത്തിന് 5 കോടി രൂപയും 14.18 കോടി രൂപ ഉപയോഗിച്ച് കുടിവെള്ളം, സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം തുടങ്ങിയ മേഖലകളുടെ നവീകരണത്തിനായി നീക്കിവച്ചിരിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | 2011-12, 2012-13 വർഷങ്ങളിലായി മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ 99.21 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനുമായി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2013-14 വർഷത്തിൽ മാതൃകാ മത്സ്യഗ്രാമം സാനിട്ടേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2762 ടോയ്‌ലറ്റുകൾക്ക് 483.35 ലക്ഷം രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണത്തിന് 5 കോടി രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ